ഉത്തരം

(എ) ആശ്രിതരുടെ വിഭാഗത്തിൽ വിധവ/വിഭാര്യൻ മകൻ, മകൾ എന്നിവർ ഉൾപ്പെടും. മകൻ, മകൾ എന്നിവരുടെ കൂട്ടത്തിൽ ദത്തുപുത്രനും ദത്തുപുത്രിയും കൂടി ഉൾപ്പെടും. ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ

95 (3024)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം കാട്ടായിക്കോണത്ത് കോണത്ത് വീട്ടിൽ ശ്രീ. എസ്. ദാമോദരൻ, കാട്ടായിക്കോണത്ത് ശ്രീ. കെ. മുഹമ്മദ്കുഞ്ഞ് എന്നീ സ്വാതന്ത്ര്യ സമര സേനാനികൾ സമർപ്പിച്ചിട്ടുള്ള പെൻഷന് വേണ്ടിയുള്ള അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് അർഹമായ പെൻഷൻ അനുവദിക്കുന്നതിനുള്ള കാല വിളംബത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എത്രയും പെട്ടെന്ന് പെൻഷൻ അനുവദിക്കുമോ?

ഉത്തരം

(എ)-(സി) സ്വീകാര്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കാറുണ്ട്. ശ്രീ. ദാമോദരന്റെ അപേക്ഷ ഇപ്പോൾ പരിഗണനയിലില്ല. ശ്രീ. മുഹമ്മദുകുഞ്ഞിന്റെ അപേക്ഷയിൽ നടപടി സ്വീകരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമര പെൻഷൻ

96 (3025)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ലെ റോയൽ ഇൻഡ്യൻ നേവൽ മ്യൂട്ടിണിയിൽ പങ്കെടുത്തവരെ സംസ്ഥാന സ്വാതന്ത്ര്യ പെൻഷന് അർഹരാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ചു; ഇനി എത്ര അപേക്ഷകർക്ക് പെൻഷൻ നൽകുവാനുണ്ട്;

(സി) പെൻഷൻ കാര്യത്തിൽ തീരുമാനമെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് വെമ്പള്ളി സ്വദേശി ടി.എം. സ്കറിയായുടെ പെൻഷനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ഇ) അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

---

* അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാവിക കലാപത്തിൽ പങ്കെടുത്തവർക്ക്, മുമ്പുതന്നെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സ്വാതന്ത്ര്യസമര പെൻഷൻ നൽകാൻ അംഗീകരിച്ചിരുന്നു. പക്ഷേ കലാപത്തിൽ പങ്കെടുത്തതിന്റെ പേരിൽ പിരിച്ചുവിടപ്പെട്ടവർക്ക് മാത്രമേ പെൻഷൻ അനുവദിച്ചിരുന്നുള്ളൂ. എന്നാൽ ഇതരകാരണങ്ങൾ പറഞ്ഞ് 15.8.1947 വരെ പിരിച്ചുവിടപ്പെട്ടവർക്കും പെൻഷൻ അനുവദിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് 6..7.1998-ലെ കത്തുപ്രകാരം നിർദ്ദേശം നൽകി. പെൻഷന് അർഹരായവർ മരിച്ചുപോയിട്ടുണ്ടെങ്കിൽ അവരുടെ വിധവകൾ/ആശ്രിതർ എന്നിവർക്കും പെൻഷൻ അനുവദിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ ആകെ 76 പേർക്ക് നാളിതുവരെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഈ ജില്ലകളിൽ ഇനി 107 അപേക്ഷകൾ തീരുമാനമാകാനുണ്ട്. ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി) ജില്ലാ കളക്ടർമാർ കാലതാമസമില്ലാതെ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി)&(ഇ) കോട്ടയം ജില്ലാകളക്ടർക്ക് 12.11.1997-ൽ അപേക്ഷ ലഭിച്ചിരുന്നു. നിയമാനുസൃതം അപേക്ഷയിൽ തീരുമാനമെടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ

97 (3026)ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷൻ തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഒരാൾക്ക് പ്രതിമാസം എന്തു തുകയാണ് നൽകിവരുന്നത്;

(ബി) സ്വാതന്ത്ര്യ സമരസേനാനി പെൻഷനുവേണ്ടി സർക്കാരിന് ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും തീരുമാനമായിട്ടുണ്ടോ; ഈ സർക്കാർ എത്ര പേർക്ക് പുതിയതായി പെൻഷൻ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.8.1998 മുതൽ ഒരാൾക്ക് 2000/- രൂപയാണ് പ്രതിമാസം നൽകിവരുന്നത്.

(സി) എല്ലാ അപേക്ഷകളിലും തീരുമാനമായിട്ടില്ല. ഇടുക്കി, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലുമായി 194 പേർക്ക് പുതിയതായി പെൻഷൻ നൽകിയിട്ടുണ്ട്. തൃശ്ശൂർ, ഇടുക്കി ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly